Talented Bankers Literary Panel
പുസ്തക പരിചയം 174

പുസ്തകം പരിചയപ്പെടുത്തുന്നത്,
ശശിധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMEC, കാഞ്ഞങ്ങാട്.

ജനാധിപത്യ കേരളം
കെ ബാലകൃഷ്ണൻ
മാതൃഭൂമി ബുക്സ്
വില 175

ഏപ്രിൽ 6 നു കേരളം പോളിംഗ് ബൂത്തിലേക്കു പോകുന്ന ഈ നേരം, കേരളത്തിന്റെ തിരഞ്ഞെടുപ്പിന്റെ ഒരു ചെറിയ ചരിത്രം.

ശ്രീമൂലം പ്രജാസഭ മുതൽ 2019 ലെ പതിനേഴാം ലോക്സഭ തിരഞ്ഞെടുപ്പ് വരെയുള്ള കേരളത്തിലെ തിരഞ്ഞെടുപ്പുകളുടെ ഒരു ലഘു ചരിത്രം എന്ന് വേണമെങ്കിൽ ഈ ചെറിയ പുസ്തകത്തെ വിശേഷിപ്പിക്കാം. തിരഞ്ഞെടുപ്പു കാലത്തെ പത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പരയുടെ പുസ്തകരൂപം എന്ന നിലയിൽ പോരായ്മകൾ എന്തൊക്കെ ഉണ്ടായിരുന്നാലും, കേരള രാഷ്ട്രീയത്തിന്റെ ഭൂതകാലത്തിലേക്കു എത്തി നോക്കാനെങ്കിലും രാഷ്ട്രീയ പ്രവർത്തകർക്കും പുതു തലമുറയ്ക്കും ഈ പുസ്തകം സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുന്നാൾ രാമവർമ്മ 1888 ൽ സ്ഥാപിച്ച തിരുവിതാംകൂർ ലജിസ്ലേറ്റീവ് അസ്സെമ്പ്ളി ജനാധിപത്യത്തിന്റെ ആദ്യത്തെ ചവിട്ടു പടിയായി എഴുത്തുകാരൻ വിലയിരുത്തുന്നു. പിന്നീട് ശ്രീമൂലം പ്രജാസഭ (കൊല്ലത്തിൽ അൻപത് ഉറുപ്പിക നികുതി അടക്കുന്ന ജന്മിമാർ, രണ്ടായിരം ഉറുപ്പിക വാർഷിക വിറ്റു വരവുള്ള കച്ചവടക്കാർ എന്നിവർക്കാണ് വോട്ടവകാശം. ബി എ പാസ്സ് ആയി പത്തുവർഷം കഴിഞ്ഞവർക്കും വോട്ടുണ്ടായിരുന്നു ).
കൊച്ചിൻ പ്രജാ മണ്ഡലം, മലബാർ ഡിസ്ട്രിക്ട് ബോർഡ് മുതലായ പ്രാക്തന ജനാധിപത്യ സംവിധാനങ്ങളും ആദ്യ അധ്യായത്തിൽ പരാമർശിക്കുന്നു.

കേരളത്തിൽ ഇന്നിപ്പോൾ കാണുന്ന മുന്നണി സംവിധാനം നിലവിൽ വരുന്ന നാൾവഴികൾ കാര്യമാത്രപ്രസക്തമായി എങ്കിൽ പ്രധാനമായതൊന്നും വിട്ടുപോകാതെ ഈ ഒരു ചെറിയ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
ഓരോ തിരഞ്ഞെടുപ്പിന്റെ വിശേഷങ്ങളും ചരിത്രവും കൗതുകത്തോടെയും വിസ്മയത്തോടെയും കൂടിയേ വായിച്ചു തീരൂ,

പ്രത്യേകിച്ചും തിരഞ്ഞെടുപ്പിന്റെ ചൂടിൽ നിൽക്കുന്ന ഈ പ്രത്യേക കാലത്ത്.

മാറി മറിയുന്ന മുന്നണി ബന്ധങ്ങൾ, സമവാക്യങ്ങൾ. മുൻ തിരഞ്ഞെടുപ്പിൽ കടുത്ത മത്സരത്തിൽ ഏർപ്പെട്ടിരുന്നവർ തൊട്ടടുത്ത തിരഞ്ഞെടുപ്പിൽ തോളോട് തൊള്ചേർന്നു. സ്ഥിരമായി ആരും ശത്രുവോ മിത്രമോ അല്ല. ഇന്നത്തെ കരുത്തൻ ഇന്നലെ ദുർബ്ബലനോട് പരാജയം രുചിച്ചവനാവാം. ഈ തിരഞ്ഞെടുപ്പ് കാലത്ത് എന്തുകൊണ്ടും വായനയ്ക്ക് ശുപാർശ ചെയ്യാവുന്ന പുസ്തകമാണ് ജനാധിപത്യ കേരളം. ഒപ്പം കൂടുതൽ വായനക്കും വിവരന്വേഷണത്തിനും പ്രേരിപ്പിക്കുന്നതും.

ജനാധിപത്യം വിജയിക്കട്ടെ.
വോട്ടവകാശം അമൂല്യമാണ്
അത് വിവേക പൂർവ്വം വിനിയോഗിക്കാം.